DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

06-12-2018

# കാർഷികമേഖലാവാർത്തകൾ

## കേരഗ്രാമം പദ്ധതി – ഉദ്ഘാടനം

നാളികര കർഷകരുടെ സമഗ്രവികസനവും സാമ്പത്തിക ഭദ്രതയും ഉറപ്പ് വരുത്തുന്നതിന് വേണ്ടി 2018-19 പദ്ധതി വർഷത്തിൽ കൃഷി വകുപ്പ് കട്ടിപ്പാറ ഗ്രാമപഞ്ചാത്തിൽ നടപ്പാക്കുന്ന പദ്ധതിയാണ് കേര ഗ്രാമം. ഹരിത കേര മിഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് കരുത്തു പകരുന്ന രീതിയിൽ നടപ്പാക്കുന്ന ഈ പദ്ധതി ഡിസംബർ 8-ന് രാവിലെ 9.00 മണിക്ക് കൊടുവള്ളി എം.എൽ.എ കാരാട്ട് റസാക്കിന്റെ അദ്ധ്യക്ഷതയിൽ കട്ടിപ്പാറ ഗ്രാമപഞ്ചയത്ത് ഹാളിൽ കൂടുന്ന യോഗത്തിൽ വച്ച് കൃഷിമന്ത്രി അഡ്വ. വി.എസ്. സുനിൽകുമാർ ഉദ്ഘാടനം നിർവഹിക്കും. ഇതിനോടനുബന്ധിച്ച് പുനർജ്ജനി പദ്ധതി പ്രകാരമുള്ള പച്ചക്കറി തൈ വിതരണവും ഇതിനോടനുബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്.

## സെൻട്രൽ ഹാച്ചറിയിൽ പരിശീലനം

ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറി പരിശീലന കേന്ദ്രത്തിൽ ഈ മാസം 10- ന് കാടവളർത്തൽ, 12 മുതൽ 14 വരെ തീയതികളിൽ മുട്ടക്കോഴി വളർത്തൽ, 17, 18 തീയതികളിൽ ആടുവളർത്തൽ തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 0479 245 2277

## വിതുര കൃഷിഭവൻ അറിയിപ്പ്

തിരുവനന്തപുരം ജില്ലയിലെ വിതുര ഗ്രാമപഞ്ചായത്തിൽ വാഴകൃഷി നടത്തിയിട്ടുള്ള കർഷകർ സബ്സിഡി ആനുകൂല്യം ലഭിക്കുന്നതിന് ആധാർ കാർഡിന്റെ കോപ്പി, ബാങ്ക് പാസ്ബുക്കിന്റെ കോപ്പി, റേഷൻ കാർഡിന്റെ കോപ്പി, കരം തീർത്ത രസീതിന്റെ കോപ്പി എന്നിവയുമായി ഈ മാസം 7-നു മുമ്പായി കൃഷിഭവനിൽ അപേക്ഷ നൽകണമെന്ന് വിതുര കൃഷിഓഫീസർ അറിയിച്ചു.

## അറിയിപ്പ്

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന ഗ്യാപ്പ് പദ്ധതി പ്രകാരം കൊല്ലം ജില്ലയിലെ തൃക്കരുവ കൃഷിഭവൻ വഴി ട്രൈക്കോഡെർമ, വേപ്പിൻപിണ്ണാക്ക്, എല്ലുപൊടി, സ്യൂഡോമോണാസ്, പയറുവിത്ത് എന്നിവ വിതരണം ചെയ്യുന്നു. ആവശ്യമുള്ള കർഷകർ കരമടച്ച രസീത് സഹിതം കൃഷിഭവനുമായി ഉടൻ ബന്ധപ്പെടണമെന്ന് കൃഷി ഓഫീസർ അറിയിച്ചു.

## സൗജന്യ കൂൺകൃഷി പരിശീലനം

മഷ്റൂം ഫാർമേഴ്സ് ആൻഡ് ബൈപ്രോഡക്ട്സ് പ്രൊഡ്യൂസേഴ്സ് വെൽഫെയർ സൊസൈറ്റിയുടെ നേതൃത്വത്തിൽ സൗജ്യ കൂൺകൃഷി പരിശീലനം കൈമനം കൂൺപുരയിൽ ഇന്ന് രാവിലെ 10 മണി മുതൽ നടത്തുന്നു. കർഷകർക്ക് കൃഷിക്കാവശ്യമായ സാധനങ്ങൾ നൽകും. ഗ്രൂപ്പുകൾക്കും സംഘടനകൾക്കും അതാത് സ്ഥലങ്ങളിൽ പരിശീലനം

നൽകുന്നതിനോടൊപ്പം വിത്തും മറ്റു സാധനങ്ങളും എത്തിച്ച് കൊടുക്കും. കൂടുതൽ ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 9847328975.

## റബ്ബറിന്റെയും റബ്ബറുത്പന്നങ്ങളുടെയും പരിശോധന - ഗുണനിലവാര നിയന്ത്രണത്തിൽ പരിശീലനം

റബ്ബറിന്റെയും റബ്ബറുത്പന്നങ്ങളുടെയും പരിശോധന, ഗുണനിലവാരനിയന്ത്രണം എന്നിവയിൽ റബ്ബർബോർഡ് പ്രത്യേകപരിശീലനം നൽകുന്നു. അസംസ്കൃതവസ്തുക്കളുടെ പരിശോധന, പ്രോസസ്സ് കൺട്രോൾ, വൾക്കനൈസേറ്റ് പരിശോധനകൾ, ഉത്പന്നങ്ങളുടെ സൂക്ഷ്മപരിശോധന, ഐ.എസ്.ഒ 9000 തുടങ്ങിയ വിഷയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം ഡിസംബർ 10 മുതൽ 14 വരെ കോട്ടയത്തുള്ള റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തും. പരിശീലനഫീസ് 10,000 രൂപ (18 % ജി.എസ്.ടി പുറമെ). പ്രതിരോധമേഖലയിലെ പരിശോധനശാലകളിൽ നിന്നുള്ളവർ, റബ്ബർ വ്യവസായവുമായി ബന്ധപ്പെട്ടവർ, മറ്റു ഗവേഷണശാലകളിൽ നിന്നുള്ളവർ എന്നിവർക്ക് പങ്കെടുക്കാം. പരിശീലനഫീസ് ഡയറക്ടർ (ട്രെയിനിങ്), റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്, കോട്ടയം എന്ന പേരിൽ അക്കൗണ്ട്ട്രാൻസ്ഫർ ആയി അടയ്ക്കാവുന്നതാണ്. പണമടച്ചതിന്റെ വിശദാംശങ്ങളും അപേക്ഷകന്റെ ഫോൺ നമ്പരും ഇ-മെയിലായി training@rubberboard.org.in-ലേക്ക് അയയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 0481-2353325, 2353127.